# 3 പുതിയ ഇനം ചിലന്തികളെ കണ്ടെത്തി

മനോരമ ലേഖകൻ

JULY 11, 2020 06:18 AM IST



കൊച്ചി● 3 പുതിയ ഇനം ചിലന്തികളെ കൂടി കണ്ടെത്തി തേവര സേക്രഡ് ഹാർട്ട് കോളജിലെ ചിലന്തി ഗവേഷണ വിഭാഗം. ടെട്രാഗ്നാതിഡെ കുടുംബത്തിൽപ്പെട്ട ഗ്ലീനോഗ്നാത പാല്ലുല (Glenognatha Paullula), സാൾട്ടിസിഡെ കുടുംബാംഗമായ കൊളാക്സസ് സസൈല്ലസ് (Colaxes Sazailus) എന്നീ ചിലന്തികളെയും അരാനിഡെ കുടുംബത്തിൽപ്പെട്ട നെഫില പിലിപ്പസ്(Nehphila Pilipes),

എന്ന ഇനത്തിന്റെ കളർ മോർഫിനെയുമാണു കോളജിലെ ഗവേഷകർ കണ്ടെത്തിയത്. ഗ്ലീനോഗ്നാത ചിലന്തിയെ മലപ്പുറത്തെ അകമ്പാടത്തും നെഫില പിലിപ്പസിന്റെ കളർ മോർഫിനെ കുളത്തൂപ്പുഴ വനമേഖല, തട്ടേക്കാട് പക്ഷി സങ്കേതം എന്നിവിടങ്ങളിലുമാണു കണ്ടെത്തിയത്. കൊളാക്സസിനെ ചിക്കമംഗളൂരു മലനിരകളിലെ ചോല വനങ്ങളിലാണു കണ്ടെത്തിയത്.

ശാസ്ത്രസാങ്കേതിക വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ഗവേഷണ വിഭാഗം മേധാവി ഡോ.പി.എ. സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ ഡോ. പ്രദീപ് എം. ശങ്കരൻ, ജിമ്മി പോൾ, ഡോ. എം.ജെ. മാത്യു എന്നിവർ നടത്തിയ പഠനങ്ങളാണു കണ്ടെത്തലിലേക്കു നയിച്ചത്. കോളജിൽ ചിലന്തി ഗവേഷണ വിഭാഗം നിലവിൽ വന്ന ശേഷം ഇതിനോടകം 27 പുതിയ ഇനം ചിലന്തികളെ കണ്ടെത്തിയിട്ടുണ്ട്.